IV. റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) കേരള വൃക്ഷസംരക്ഷണ (ഭേദഗതി) ബിൽ സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2003-ലെ കേരളാ വൃക്ഷസംരക്ഷണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

(3) 2003-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത ബില്ലും 2002-ലെ കേരളാ ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ബില്ലും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 2002-ലെ കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

V. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly